# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-319 — 11.06.2012-ൽ മറുപടിയ്ക്ക്

**സപ്ലൈകോയിൽ മുൻസർക്കാരിന്റെ (2001-2006) കാലത്ത് നടന്ന അഴിമതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.ദിവാകരൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സപ്ലൈകോയിൽ മുൻസർക്കാരിന്റെ (2001-2006) കാലത്ത് നടന്ന അഴിമതികളെക്കുറിച്ച് സി.ബി.ഐ.അന്വേഷണം നടത്തുകയും പ്രതികൾക്കെതിരെ കുറ്റപത്രം സമർപ്പിക്കുകയും ചെയ്തതിനുശേഷമുള്ള തുടർനടപടികൾ ഏതു ഘട്ടത്തിലാണ് ;<br><br>(ബി) എത്ര പേരുടെ പേരിൽ നടപടികൾ സ്വീകരിച്ചു ; 2001 മുതൽ 2006 വരെയുള്ള കാലയളവിൽ നടന്ന അഴിമതി അന്വേഷണ നടപടികൾ വൈകാൻ കാരണം എന്താണ് ; വ്യക്തമാക്കുമോ ? | (എ) & (ബി) സപ്ലൈകോയിൽ മുൻസർക്കാരിന്റെ (2001-2006) കാലത്ത് നടന്ന അഴിമതികളെക്കുറിച്ച് സി.ബി.ഐ നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച റിപ്പോർട്ടിൽ ആ കാലയളവിൽ (2001-2004) സപ്ലൈകോയുടെ മാനേജിംഗ് ഡയറക്ടറായിരുന്ന ശ്രീ.എസ്.പുലികേശി ഐ.പി.എസിനെതിരെ 2 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ.എസ്.പുലികേശി ഐ.പി.എസ്. സിവിൽ സപ്ലൈസ് കോർപറേഷന്റെ മാനേജിംഗ് ഡയറക്ടറായിരുന്ന കാലയളവിൽ കോർപ്പറേഷന് നഷ്ടം വരുത്തിക്കൊണ്ട് സ്വകാര്യ വ്യക്തികളിൽ നിന്നും ഉയർന്ന നിരക്കിൽ മരുന്നു വാങ്ങിയതുമായി ബന്ധപ്പെട്ട അഴിമതിക്കേസിൽ സി.ബി.ഐ. ആവശ്യപ്പെട്ടതു പ്രകാരം ടിയാനെതിരെ പ്രോസിക്യൂഷൻ അനുമതി നൽകിയിട്ടുണ്ട്. സി.ബി.ഐ രജിസ്റ്റർ ചെയ്ത പ്രസ്തുത കേസ് ഇപ്പോൾ സി.ബി.ഐ. കോടതിയിൽ നിലനിൽക്കുകയാണ്. ഇതേ കേസുമായി ബന്ധപ്പെട്ട് കേന്ദ്ര ആഭ്യന്തരമന്ത്രാലയം ആവശ്യപ്പെട്ടതനുസരിച്ച് ശ്രീ.എസ്.പുലികേശിക്കെതിരെ വകുപ്പുതല അച്ചടക്കനടപടികൾ ആരംഭിക്കുകയും ആയത് സി.ബി.ഐ കോടതിയിൽ നിലവിലുള്ള കേസ് തീർപ്പാക്കുന്നതുവരെ നിർത്തിവയ്ക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതുമാണ്.<br>സി.ബി.ഐ. അന്വേഷണ റിപ്പോർട്ടിലുള്ള, സപ്ലൈകോയിൽ നടന്ന രണ്ടാമത്തെ ക്രമക്കേടുമായി ബന്ധപ്പെട്ട RC 22(A) 2007 നമ്പർ കേസിൽ ശ്രീ.എസ്.പുലികേശിക്കെതിരെ വകുപ്പുതല അന്വേഷണത്തിന് സി.ബി.ഐ ശുപാർശ ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ ശ്രീ.എസ്. പുലികേശിക്കെതിരെയുള്ള ആരോപണങ്ങൾ അന്വേഷിക്കുന്നതിനായി ഡി.ജി.പി-യെ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ ശ്രീ.എസ്.പുലികേശിക്കെതിരെയുള്ള |

.........2

ആരോപണങ്ങളിൽ വ്യക്തമായ തെളിവുകൾ ലഭ്യമല്ലാ എന്ന ഡി.ജി.പി-യുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി കേസിൽ ആരംഭിച്ച അച്ചടക്ക നടപടികൾ, 15.07.2011-ലെ ജി.ഒ.(അർ.റ്റി) 5390/11/ജി.എ.ഡി നമ്പർ ഉത്തരവുപ്രകാരം പിൻവലിച്ചിട്ടുള്ളതുമാണ്.
RC 23(A)/2007, RC 24(A)/2007, RC 26(A)/2007 എന്നിവയിൽ സി.ബി.ഐ കോടതിയിൽ വിചാരണ നടന്നുവരികയാണ്.

സെക്ഷൻ ഓഫീസർ.